WP2- 10038/2016

ഡയറക്ടറേറ്റ് ഓഫ് പ്രിസൺസ്
ആന്റ് കറക്ഷണൽ സർവ്വീസസ്
തിരുവനന്തപുരം
തീയതി :31 -05-2016

**സർക്കുലർ നമ്പർ46/2016**

വിഷയം :- ജയിലുകൾ- തടവുകാരുടെ അടിയന്തിരാവധിക്കുള്ള അപേക്ഷയോടൊപ്പം ഹാജരാക്കുന്ന സർട്ടിഫിക്കറ്റുകളുടെ നിജസ്ഥിതി പരിശോധിക്കുന്നത് - സംബന്ധിച്ച്

തടവുകാർക്ക് അടിയന്തിരാവധി അനുവദിക്കുന്നതിന് വേണ്ടി അപേക്ഷയോടൊപ്പം ഹാജരാക്കുന്ന സർട്ടിഫിക്കറ്റുകളുടെ നിജസ്ഥിതി പലപ്പോഴും സംശയിക്കേണ്ട സാഹചര്യമുള്ളതായി ബോധ്യപ്പെട്ടിരിക്കുന്നു. ബന്ധുക്കൾ ഗുരുതരമായ രോഗാവസ്ഥയിൽ ചികിത്സയിൽ കഴിയുകയാണെന്ന കാരണത്താലും വീടിന് നാശം സംഭവിച്ചതിനാൽ അറ്റകുറ്റപ്പണികൾ അനിവാര്യമാണെന്ന കാരണത്താലും അടിയന്തിരാവധിക്കുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകളോടൊപ്പം ഹാജരാക്കുന്ന സർട്ടിഫിക്കറ്റുകളാണ് ഇപ്രകാരം സംശയാസ്പദമായിട്ടുള്ളവ. ആയതിനാൽ മേൽപ്പറഞ്ഞ കാരണങ്ങളാൽ അടിയന്തിരാവധിക്ക് അപേക്ഷ ലഭിക്കുമ്പോൾ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന കാരണങ്ങൾ സംശയാസ്പദമാണെങ്കിൽ ടി കാര്യത്തിന്റെ നിജസ്ഥിതി അറിയുന്നതിന് ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർ ഒരു ജയിൽ ഉദ്യോഗസ്ഥനെ നിയോഗിച്ച് ടി കാര്യം പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്. ഇപ്രകാരം ചെയ്യുമ്പോൾ ദീർഘദൂരം യാത്രചെയ്യേണ്ട ആവശ്യമുണ്ടെങ്കിൽ ടി സ്ഥലത്തിന് ഏറ്റവും അടുത്തുള്ള ജയിലിലെ സൂപ്രണ്ടുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിന് നടപടികൾ എടുക്കേണ്ടതാണ്. അടിയന്തിരാവധിക്കുള്ള അപേക്ഷകൾ പരിഗണിക്കുമ്പോൾ അപേക്ഷയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പൂർണ്ണമായും വാസ്തവമാണെന്ന് ഉറപ്പുവരുത്തി അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

31/5

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും

പകർപ്പ് :- 1) ഐ.ജി ഓഫ് പ്രിസൺസ്/ ഡി.ഐ.ജി ഓഫ് പ്രിസൺസ്, ഉത്തര മേഖല/ മദ്ധ്യ മേഖല/ ദക്ഷിണ മേഖല /സി.ഡബ്ല്യൂ.ഒ/പി.എ ടു ഡി.ജി.പി സി.എസ് സി. എ ടു. ഡി.ജി.പി & സി.എസ്

2) സൂപ്രണ്ട്, (ജി) സെക്ഷൻ/ഫയൽ /കരുതൽ ഫയൽ

ടി.എസ്